കൊടുത്തിട്ടും പ്രസ്തുത പാലത്തിന്റെ അടിയിലെ തോടിന്റെ ചിറ മുറിച്ച് ജല ഗതാഗതം സുഗമമാക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്താ ണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തോട്ടിലെ മൂട്ട് മുറിച്ച് ജലഗതാഗതത്തിന് സൗകര്യം നൽകാൻ എന്തുനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പണിയുടെ കരാർ അംഗീകരിച്ചിട്ടുണ്ട്. പണി ഉടനെ ആരംഭിക്കുന്നതാണ്.

(3530) ചുമട്ടുതൊഴിലാളികളുടെ ക്ഷേമം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി നിയമത്തിലും, റൂളുകളിലും ഈ സർക്കാർ എന്തെല്ലാം ഭേദഗതികൾ വരുത്തിയിട്ടുണ്ട്;

(ബി) ഭേദഗതികൾ ഉൾപ്പെടെയുള്ള ചുമട്ടുതൊഴിലാളി നിയമത്തി ന്റെയും റൂളുകളുടേയും പകർപ്പ് ലഭ്യമാക്കുമോ;

(സി) ചുമട്ടുതൊഴിലാളി കൂലികൾ ഓരോ ജില്ലയിലും പുതുക്കി നിശ്ചയിച്ചത് എന്നുമുതൽക്കാണ്;

(ഡി) തിരുവനന്തപുരം ജില്ലയിലെ ചുമട്ടുതൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുള്ള പഞ്ചായത്തു പ്രദേശങ്ങൾ ഏതെല്ലാം; ഇല്ലാത്ത സ്ഥല ങ്ങളിൽ എന്തു നിരക്കിലുള്ള കൂലിയാണ് ഈടാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ചുമട്ടു തൊഴിലാളി കൂലിനിരക്കുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26(എ) യ്ക്ക് 18.12.98-ലെ ജി.ഒ.(ആർ.ടി) 4035/98/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം എസ്.ആർ.ഒ. നമ്പർ 1114/98 ആയി 24.12.98-ലെ 2101 നമ്പർ അസാധാ രണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനപ്രകാരം ഡ്യൂപ്ലിക്കേറ്റ് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് വ്യവസ്ഥചെയ്യുന്ന ഒരു ഭേദഗതി പുറപ്പെ ടുവിച്ചിട്ടുണ്ട്. 6.2.1996 വരെയുള്ള നിയമത്തിന്റെ ഭേദഗതികളും 18.5.1995 വരെ യുള്ള ചട്ടങ്ങളുടെ ഭേദഗതികളും അടങ്ങിയ ചുമട്ടുതൊഴിലാളി ചട്ടങ്ങളു ടേയും നിയമത്തിന്റെയും പകർപ്പുകൾ ഇതിനോടൊപ്പം വയ്ക്കുന്നു.

(സി) ജില്ലകൾ തിരിച്ച് ഓരോ ജില്ലയ്ക്കും പ്രത്യേകം കൂലിനിരക്കു കൾ നിർണ്ണയിക്കാറില്ല. ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമ വും) പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ 1978-ലെ ചുമട്ടുതൊഴിലാളി നിയമം 9-ാം വകുപ്പ്, ചട്ടം 2 (ഡി) എന്നിവ പ്രകാരം നിർണ്ണയിക്കപ്പെട്ട കൂലി നിരക്കുകൾ ബോർഡിന്റെ ഉപദേശംകൂടി കണക്കിലെടുത്ത് സർക്കാർ വിജ്ഞാപനംവഴി പ്രസിദ്ധീകരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിൽ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി ബാധകമാക്കിയിട്ടുള്ള പ്രദേശങ്ങൾ താഴെപ്പറയുന്നവയാണ്:-

1. തിരുവനന്തപുരം കോർപ്പറേഷൻ (1 മുതൽ 50 വരെ വാർഡുകൾ)
2. കാട്ടാക്കട പഞ്ചായത്ത്, പൂവച്ചൽ പഞ്ചായത്തിലെ 2, 7, 10 എന്നീ വാർഡുകൾ.
3. നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ എന്നീ മുനിസിപ്പൽ പ്രദേശങ്ങൾ.
4. ബാലരാമപുരം പഞ്ചായത്തു പ്രദേശം.
5. വർക്കല മുനിസിപ്പൽ പ്രദേശം, പാറശ്ശാല പഞ്ചായത്തു പ്രദേശം.
6. ചിറയിൻകീഴ്, കല്ലമ്പലം, വെഞ്ഞാറമൂട്, കിളിമാനൂർ പ്രദേശങ്ങൾ.

പദ്ധതി ബാധകമാക്കപ്പെട്ട പ്രദേശങ്ങൾ ഒഴികെ ജില്ല ഒട്ടാകെ പ്രാബല്യമുള്ള ചുമട്ടുതൊഴിലാളികളുടെ കൂലിനിരക്കുകൾ 27.9.97-ലെ ജി.ഒ.(ആർ.ടി.) 2731/97/തൊഴിൽ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഇ) കോപ്പി ഇതിനോടൊപ്പം വച്ചിട്ടുണ്ട്.†

(3532) ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. ബാബു :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ട്രിബ്യൂണലുകളിൽ ഓരോന്നിലും എത്ര കേസ്സുകൾ വീതം പെൻഡിംഗ് ആയിട്ടുണ്ട്;

(സി) ഇവയിൽ ഏറ്റവും പഴക്കംചെന്ന കേസ്സ് എന്നാണാരംഭിച്ചത് എന്നറിയിക്കുമോ?

ഉത്തരം

(എ) അഞ്ച്.

(ബി) 30.6.99-ൽ

പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 301
കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 50
ആലപ്പുഴ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 237
കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 66
ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ (31.3.99-ൽ)	- 67

(സി) 1993-ൽ

(3538) ഇ.എസ്.ഐ. കോർപ്പറേഷൻ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly